## പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5488** | **18.11.2019-ൽ മറുപടിക്ക്** |
|---|---|

**ആഭ്യന്തര വകുപ്പിൽ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ**

| **ചോദ്യം**<br>**ശ്രീ. പി.സി. ജോർജ്** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ആഭ്യന്തര വകുപ്പിൽ പുതിയതായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം-1 ൽ ചേർത്തിട്ടുണ്ട് |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിജിലൻസ് മാന്വൽ എത്ര പ്രാവശ്യം പരിഷ്കരിച്ചുവെന്ന് അറിയിക്കുമോ; വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് മാന്വൽ പരിഷ്കരിച്ചിട്ടില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഗ്നിശമന സേനയ്ക്ക് പുതിയതായി എത്ര വാഹനങ്ങൾ വാങ്ങി എന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലഭ്യമാക്കിയ വാഹനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | തരം | എണ്ണം |
|---|---|---|
| 1 | വാട്ടർ ടെണ്ടർ | 3 |
| 2 | മിനി വാട്ടർ മിസ്റ്റ് ടെണ്ടർ | 35 |
| 3 | മിനി വാട്ടർ ടെണ്ടർ | 25 |
| 4 | സ്കൂബാ വെഹിക്കിൾ (എസ്.യു.വി) | 3 |
| 5 | വാട്ടർ ബ്രൗസർ | 12 |
| 6 | സ്കൂബാ വാൻ | 15 |
| 7 | ഇന്നോവ കാർ | 1 |
| 8 | എമർജൻസി ടെണ്ടർ | 5 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>9</td><td>ആംബുലൻസ്</td><td>20</td></tr>
<tr><td>10</td><td>മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾസ് ഫോർ എമർജൻസി റെസ്പോൺസ്</td><td>25</td></tr>
<tr><td>11</td><td>ഫോം ടെണ്ടർ</td><td>10</td></tr>
<tr><td>12</td><td>ഫസ്റ്റ് റെസ്പോൺസ് വെഹിക്കിൾ</td><td>25</td></tr>
<tr><td>13</td><td>വാട്ടർ ടെണ്ടർ ചെയിസിസ്</td><td>15</td></tr>
</table>
</td></tr>
<tr><td>(ഡി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജീവപര്യന്തം തടവിന് ശിക്ഷിച്ച എത്ര പ്രതികളെ ശിക്ഷയിൽ ഇളവ് നൽകി ജയിൽ മോചിതരാക്കിയെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?</td><td>(ഡി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജീവപര്യന്തം തടവിന് ശിക്ഷിച്ച പ്രതികളിൽ ശിക്ഷയിൽ ഇളവ് നൽകി ജയിൽ മോചിതരാക്കിയ 61 തടവുകാരുടെ വിശദാംശങ്ങൾ അനുബന്ധം-2 ൽ ചേർത്തിട്ടുണ്ട്.</td></tr>
</table>

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-1

**പോലീസ് വകുപ്പ്**

ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി അത്യാധുനിക സയന്റിഫിക് ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടെത്തി തടയുന്നതിനും, ക്രമസമാധാന പാലനത്തിന് കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാനും, കുറ്റവാളികളെ അതിവേഗം കണ്ടെത്തുവാനും വേണ്ടി 130 ബോഡി വോൺ ക്യാമറകൾ വാങ്ങിയിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകളുടെ ഉൾവശം/പരിസരം, ലോക്കപ്പ് റൂമുകൾ എന്നിവ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് തൽസമയം നിരീക്ഷിക്കുന്നതിന് വേണ്ടി CCTV Cameras with remote monitoring പദ്ധതി നടപ്പിലാക്കുന്നതിന് 14 ജില്ലകൾക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിൽ Vehicle Mounted Cameras with Remote Monitoring System മുഖേന 48 പോലീസ് വാഹനങ്ങളിൽ ക്യാമറ ഘടിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. Remote Monitoring Facility ക്കായി 20mbps വേഗതയുള്ള Internet connectivity ലഭ്യമാക്കുന്നതിനായി quotation ക്ഷണിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയായാൽ വാഹനങ്ങളിൽ നിന്നുമുള്ള ചിത്രങ്ങൾ കൺട്രോൾ റൂമിലേക്കോ, അന്വേഷണ ഉദ്യോഗസ്ഥർക്കോ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള GPS System, Unmanned Aerial Vehicle, Traffic Signal System, Traffic Enforcement ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാന പോലീസ് സേനയുടെ ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി Modern Interrogation Room സ്ഥാപിച്ചിട്ടുണ്ട്. Crime and Criminal Tracking Network System (CCTNS) പദ്ധതി സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയെ ശക്തിപ്പെടുത്തുന്നതിനായി 4 സെർവ്വറുകൾ വാങ്ങുകയും, പോലീസ് സ്റ്റേഷനുകൾക്ക് വേണ്ട 1674 ലാപ് ടോപ്പുകളും, 550 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും വാങ്ങിയിട്ടുണ്ട്.

ഇന്ത്യയിൽ ഹ്യൂമനോയിഡ് റോബോർട്ടിനെ സേവനത്തിനുപയോഗിക്കുന്ന ആദ്യ പോലീസ് സേനയാണ് കേരള പോലീസ്.

കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി തിരുവനന്തപുരം സൈബർ ഡോം, ഇന്റർ പോളുമായും, ഐ.സി.എം.സി-യുമായും (കാണാതാവുകയും, ചൂഷണത്തിന് വിധേയരാകുകയും ചെയ്യുന്ന കുട്ടികൾക്കു വേണ്ടിയുള്ള രാജ്യാന്തര സെന്റർ) സംയോജിച്ച് പ്രവർത്തിക്കുന്നു. ഫേസ്ബുക്ക്, വാട്ട്സാപ്പ്, ടെലഗ്രാം എന്നീ സാമൂഹിക മാധ്യമങ്ങളിലൂടെയും ഇന്റർനെറ്റ് മുഖേനയും കുട്ടികളുടെ നഗ്നചിത്രങ്ങളും വീഡിയോകളും കാണുന്നതും, ശേഖരിക്കുന്നതും, പ്രചരിപ്പിക്കുന്നതും തടയുന്നതിനായി സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് നിരീക്ഷണം നടത്തി വരുന്നു. സൈബർഡോം കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ യൂണിറ്റ് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ പി-ഹണ്ട് എന്ന പേരിൽ കുട്ടികളുടെ

നഗ്നചിത്രങ്ങളും, വീഡിയോകളും പ്രചരിപ്പിക്കുന്നവരെ കണ്ടെത്താനായി കേരള പോലീസ് സംസ്ഥാന വ്യാപകമായി റെയ്ഡ് നടത്തി നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

പിങ്ക് പോലീസ് പട്രോളും, കൺട്രോൾ റൂമും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുവാനും, വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം കൊണ്ട് പൊതു ഇടങ്ങളിലെ കുട്ടികൾക്കും, സ്ത്രീകൾക്കും ആത്മവിശ്വാസം നൽകുവാനും അതുവഴി അവർ സുരക്ഷിതരാണ് എന്ന ബോധം ഉണ്ടാക്കുവാനും പിങ്ക് പോലീസ് പട്രോൾ മൂലം സാധിക്കുന്നു.

സ്ത്രീകൾക്കും, കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് Cyber Crime Prevention Against Women and Children (CCPWC) Project. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പോലീസ് ഓഫീസർമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഫോറൻസിക് സയൻസ് ലാബുകൾക്കായി 59 വിവിധ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയെ സ്റ്റേറ്റ് ഓഫ് ദി ആർട്ട് ഫോറൻസിക് സയൻസ് ലബോറട്ടറിയായി ഉയർത്തുന്നതിനായി 11 വിവിധ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

കേരള പോലീസിലെ Finger Print Bureau ഡിജിറ്റൈസ് ചെയ്യുന്നതിലേയ്ക്കായി C-DAC മുഖാന്തിരം Automated Fingerprint Identification System (AFIS) പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ജ്യുവലറികൾ, ഫാക്ടറികൾ എന്നിവയുടെ CCTV അധിഷ്ഠിതമായ സുരക്ഷാ സംവിധാനം പോലീസുമായി ബന്ധപ്പെടുത്തി നിർവ്വഹിക്കുന്നതിനായി Central Intrusion Monitoring System എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരളാ പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know Your Jurisdiction, THUNA തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് Emergency Response Support System (ERSS) എന്ന സംവിധാനം ആരംഭിച്ചിട്ടുണ്ട്. 112 എന്ന എമർജൻസി നമ്പരിലേയ്ക്ക് അടിയന്തര സഹായത്തിനായി പൊതുജനങ്ങൾക്ക് പോലീസ് സഹായം ആവശ്യപ്പെടാവുന്നതും, ഈ സംവിധാനം വഴി വളരെ വേഗവും, കാര്യക്ഷമവുമായ പോലീസ് സഹായം ഉറപ്പ് വരുത്തുവാൻ സാധിക്കും.

6 പോലീസ് സ്റ്റേഷനുകളിൽ ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്.

വടകര പോലീസ് കൺട്രോൾ റൂമിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി വിവിധ ഭാഗങ്ങളിലായി 50 പോലീസ് ഉദ്യോഗസ്ഥരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

കൂടാതെ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, മലപ്പുറം ജില്ലയിലെ താനൂർ എന്നിവിടങ്ങളിൽ പുതിയ കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഈ കൺട്രോൾ റൂമുകൾക്കായി, വിവിധ വിഭാഗങ്ങളിലായി 40 തസ്തികകൾ വീതം ആകെ 80 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

## ഫയർ & റസ്ക്യൂ സർവ്വീസസ്

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഈ വകുപ്പിൽ വാർഷിക പദ്ധതി ഇനത്തിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ 39 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 40.12 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 65 കോടി രൂപയും, 2019-20 സാമ്പത്തിക വർഷത്തിൽ 70 കോടി രൂപയും അഗ്നിരക്ഷാ വകുപ്പിന്റെ ആധുനിക വൽക്കരണത്തിനുമായി അനുവദിക്കുകയും കൂടാതെ യൂണിഫോം ആർട്ടിക്കിളുകൾ വാങ്ങുന്നതിനായി 10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ മുക്കം, എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ, ഏലൂർ, കൊല്ലം ജില്ലയിലെ കടയ്ക്കൽ, കണ്ണൂർ റീജിയണൽ ഫയർ ഓഫീസ്, കണ്ണൂർ ജില്ലാ ഫയർ ഓഫീസ്, കണ്ണൂർ സ്റ്റേഷൻ എന്നിവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കൂടാതെ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ആലപ്പുഴ ജില്ലയിലെ അരൂർ, തൃശ്ശൂർ ജില്ലയിലെ നാട്ടിക എന്നിവിടങ്ങളിൽ 53 പുതിയ തസ്തികകളോടുകൂടി പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു.

വകുപ്പിന്റെ കീഴിൽ സന്നദ്ധ സേവകരെ ഉൾപ്പെടുത്തി സിവിൽ ഡിഫൻസ് പദ്ധതി രൂപീകരിച്ച് ഉത്തരവായി.

ചരിത്രത്തിൽ ആദ്യമായി 100 ഫയർ വുമൻ തസ്തിക സൃഷ്ടിച്ചു.

ഫയർ എൻ.ഒ.സി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് ഓൺലൈൻ വെബ്പോർട്ടൽ സംവിധാനം ഏർപ്പെടുത്തി. ആയത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

നിലവിലുള്ള തസ്തികകളും ഇൻഫ്രാസ്ട്രക്ച്ചറുകളും ഉപയോഗപ്പെടുത്തി 100 ജീവനക്കാരെ ഉൾപ്പെടുത്തി കൊണ്ട് സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപപ്പെടുത്തുകയുണ്ടായി.

വെള്ളപ്പൊക്ക ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആപത് മിത്ര പദ്ധതി നടപ്പിലാക്കുകയും പൊതുജനങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തു വരുന്നു. കേരള യുവജനക്ഷേമ ബോർഡ് രൂപീകരിച്ച കേരള യൂത്ത് ആക്ഷൻ ഫോഴ്സിലെ തെരഞ്ഞെടുത്ത 100 യുവജനങ്ങൾക്ക് അക്കാദമിയിൽ അഗ്നിസുരക്ഷാ പരിശീലനം നൽകുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

## ജയിൽ വകുപ്പ്

ശിക്ഷാകാലയളവിന് ശേഷം പരാശ്രയം ഇല്ലാതെ സമൂഹത്തിൽ ജീവിക്കുന്നതിനും മെച്ചപ്പെട്ട ധനസമ്പാദനത്തിനും ഉതകുന്ന വിധത്തിൽ സംസ്ഥാനത്തെ വിവിധ ജയിലുകളിൽ തടവുകാർക്ക് വിവിധ പുതിയ തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

കേരളത്തിലെ വിവിധ ജയിലുകളിൽ തടവുകാർ ഉൽപാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾ പൊതുജനങ്ങൾക്ക് ന്യായ വിലയിൽ ലഭ്യമാക്കുന്നതിന് ജയിലുകളോടനുബന്ധിച്ച് വിപണന കേന്ദ്രങ്ങൾ ആരംഭിച്ചു. കൂടാതെ ഭക്ഷ്യ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും എറണാകുളം, കൊല്ലം, കോഴിക്കോട് തുടങ്ങിയ ജില്ലാ ജയിലുകളിൽ ഫുഡ് കൗണ്ടറുകൾ സ്ഥാപിക്കുകയും ചെയ്തു. തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിൽ ഒരു ഫ്രീഡം കഫറ്റേരിയ ആരംഭിക്കുകയും ചെയ്തു. എറണാകുളം ജില്ലാ ജയിലിലെ ഭക്ഷ്യ നിർമ്മാണ യൂണിറ്റിൽ നിന്നും പാവപ്പെട്ട പൊതുജനങ്ങൾക്ക് ഭക്ഷണം സൗജന്യമായി ലഭ്യമാക്കുന്നതിന് Share a meal എന്ന പേരിൽ പദ്ധതി കൂടുതൽ വിപുലീകരിക്കുകയും ഈ മാതൃകയിൽ കോഴിക്കോട് ജില്ലാ ജയിൽ ടി പദ്ധതി ആരംഭിക്കുകയും ചെയ്തു.

പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഫേഷ്യൽ, ഹെയർ കട്ടിംഗ്, മസ്സാജ് ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് ചീമേനി തുറന്ന ജയിലിൽ ഫിനീക്സ് ബ്യൂട്ടി പാർലർ ആരംഭിച്ചു. ഇതുപോലെ ഒരു ബ്യൂട്ടി പാർലർ കണ്ണൂർ സെൻട്രൽ ജയിലിലും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം സെൻട്രൽ ജയിലിനോടനുബന്ധിച്ചും താമസിയാതെ ഇത്തരത്തിൽ ഒരു ബ്യൂട്ടി പാർലർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഫാഷൻ ഡിസൈനിംഗ്, ടെയിലറിംഗ് എന്നിവയിൽ തൊഴിൽ പരിശീലനം ലഭിച്ച പുരുഷ-വനിതാ തടവുകാർ നിർമ്മിക്കുന്ന വസ്ത്രങ്ങൾ പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും അതോടൊപ്പം വസ്ത്രങ്ങൾ തയ്ച്ചു നൽകുന്നതിനും ഫ്രീഡം എക്സ്പീരിയൻസ് എന്ന പേരിൽ ഒരു പ്രദർശന-വിൽപന കേന്ദ്രം കണ്ണൂർ സെൻട്രൽ ജയിൽ കോമ്പൗണ്ടിൽ ആരംഭിച്ചു. തിരുവനന്തപുരത്ത് ഫ്രീ ഫാഷനിസ്റ്റ് എന്ന പേരിൽ ഒരു ബ്യൂട്ടീക് പ്രവർത്തിച്ചു വരുന്നു.

എല്ലാ ജയിൽ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനായി ഓഫീസ് തല കമ്മിറ്റികൾ രൂപീകരിച്ച് പ്രസ്തുത പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു. ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കിയതിന് എറണാകുളം ജില്ലാ ജയിലിന് ജില്ലാ കളക്ടറുടെ ബഹുമതി ലഭിക്കുകയുണ്ടായി. മിക്കവാറും എല്ലാ ജയിലിലും കൃഷി വകുപ്പിന്റെ സഹായത്തോടെ ജൈവ പച്ചക്കറി കൃഷി തുടങ്ങുകയും കൊയിലാണ്ടി സബ് ജയിലിൽ അടക്കം ചില ജയിലുകൾക്ക് വിവിധ സംഘടനകളുടെ പാരിതോഷികങ്ങളും സമ്മാനങ്ങളും ലഭിക്കുകയും ചെയ്തു. കണ്ണൂർ സെൻട്രൽ ജയിലിലും തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലും മത്സ്യകൃഷി, അലങ്കാര മത്സ്യോല്പാദനം എന്നിവയും, നെട്ടുകാൽത്തേരി തുറന്ന ജയിലിലും വനിതാ തുറന്ന ജയിലിലും മുട്ടത്താറാവ്, മുട്ടക്കോഴി വളർത്തൽ, കൂൺ കൃഷി എന്നിവയും വ്യാപിപ്പിച്ചു.

കേരളത്തിലെ ജയിലുകളിലെ തടവുകാരുടെ ബാഹുല്യത്തിന് പരിഹാരം എന്ന നിലയിൽ പതിമൂന്നാം ധനകാര്യകമ്മീഷൻ അവാർഡ് തുക വിനിയോഗിച്ചുകൊണ്ട് നിർമ്മാണം ആരംഭിച്ച് 5 പുതിയ ജയിലുകളുടെ നിർമ്മാണപ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി 32.965 കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. 60 വയസ്സിന് മുകളിൽ പ്രായമുള്ള തടവുകാർക്കും തുറന്ന ജയിലിലെ അന്തേവാസികൾക്കും കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി കട്ടിൽ നൽകിയിട്ടുണ്ട്.

കൂടുതൽ തടവുകാരെ പാർപ്പിച്ചിട്ടുള്ള 3 സെൻട്രൽ ജയിലുകളിൽ തടവുകാരുടെ വസ്ത്രങ്ങൾ യഥാസമയം കഴുകി വൃത്തിയാക്കി അണുവിമുക്തമാക്കി ഉണക്കി എടുക്കുന്നതിനായി പവർ ലോൺട്രികൾ സ്ഥാപിച്ചു. തടവുകാർക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് RO പ്ലാന്റുകൾ സ്ഥാപിച്ചു.

വട്ടിയൂർക്കാവ് പോളിടെക്നിക്ക് മുഖേന ജയിൽ അന്തേവാസികൾക്ക് വിവിധ ട്രേഡുകളിൽ പരിശീലനം നൽകി സർട്ടിഫിക്കറ്റ് വിതരണം നടത്തുകയുണ്ടായി. തിരുവനന്തപുരം സെൻട്രൽ ജയിലിൽ സെൻട്രൽ പോളിടെക്നിക്കിന്റെ ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. 3 സെൻട്രൽ ജയിലുകളിലും ഡ്രാമ, മ്യൂസിക്, സ്പോർട്സ്, വാദ്യമേളം എന്നിവയ്ക്ക് ക്ലബ്ബുകൾ രൂപീകരിച്ചു. വിയ്യൂർ സെൻട്രൽ ജയിലിലും കോഴിക്കോട് ജില്ലാ ജയിലിലും തടവുകാരുടെ മ്യൂസിക് ബാൻഡ് ആരംഭിച്ചു.

ശ്രീലങ്കൻ ജയിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ ടീമും കേരളത്തിലെ ജയിൽ വകുപ്പ് ഉദ്യോഗസ്ഥരും തടവുകാരും ഉൾപ്പെടുന്ന ടീമും തമ്മിലുള്ള സൗഹൃദ ക്രിക്കറ്റ് മത്സരം ചരിത്രത്തിലാദ്യമായി കാര്യവട്ടം ഗ്രീൻഫീൽഡ് അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ 2018, ഫെബ്രുവരിയിൽ സംഘടിപ്പിക്കുകയുണ്ടായി.

നിരക്ഷരരായ തടവുകാരെ കണ്ടെത്തി സാക്ഷരരാക്കുന്നതിനായുള്ള ജയിൽ ജ്യോതി എന്ന പദ്ധതി നടപ്പിലാക്കി. കൂടാതെ തുടർ പഠനത്തിനും ഉന്നത പഠനത്തിനും താല്പര്യമുള്ള സാക്ഷരരായ തടവുകാർക്ക് ഇതിനുവേണ്ട സൗകര്യങ്ങൾ നൽകി വരുന്നു. തിരുവനന്തപുരം സെൻട്രൽ ജയിൽ സാക്ഷരതാ മിഷന്റെ തുടർപഠന കേന്ദ്രമായും കേരള യൂണിവേഴ്സിറ്റിയുടെ തുടർ വിദ്യാഭ്യാസ കേന്ദ്രമായും അംഗീകരിച്ചിട്ടുണ്ട്.

ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് 24.24 കോടി രൂപയുടെ പദ്ധതി നടപ്പാക്കി. കെൽട്രോൺ, ബി.എസ്.എൻ.എൽ തുടങ്ങിയ ഏജൻസികൾ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. ഡിസംബർ/2019 ഓടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ എന്നീ മൂന്ന് സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളിൽ ആധുനിക വയർലസ്സ് സംവിധാനം സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും കേന്ദ്ര സർക്കാർ സ്ഥാപനമായ സിഡാക് മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുകയും ചെയ്യുന്നു.

തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ എന്നീ മൂന്ന് സെൻട്രൽ പ്രിസൺ&കറക്ഷണൽ ഹോമുകളിലും ചീമേനി തുറന്ന ജയിൽ & കറക്ഷണൽ ഹോമുകളിലും ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പെട്രോളിയം ഔട്ട് ലറ്റ് സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ഔട്ട് ലറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

ജയിലുകളിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് മെറ്റൽ ഡിറ്റക്ടർ, Non Linear Junction Detector, Security Pole, X-Ray baggage scanner എന്നീ ആധുനിക സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് 5.48 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ജയിൽ പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ഡോ.അലക്സാണ്ടർ ജേക്കബ് (റിട്ട.ഡി.ജി.പി & സി.എസ്) ഏകാംഗ കമ്മീഷനായി ജയിൽ പരിഷ്കരണ കമ്മീഷനെ സർക്കാർ നിയോഗിച്ചിട്ടുള്ളതും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

| ക്രമ നം. | സർക്കാർ ഉത്തരവ് നമ്പരും തീയതിയും | ശിക്ഷാ നമ്പരും പേരും |
|---|---|---|
| **സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, കണ്ണൂർ** | | |
| 1 | G.O.(MS) No.1/2017/HOME Dated: 27.01.2017 | സി.നം.379 അഗസ്റ്റിൻ |
| 2 | | സി.നം.739 അനിൽ കുമാർ @ അനി |
| 3 | | സി.നം.833 സെന്തിൽ കുമാർ |
| 4 | | സി.നം.1324 മുഹമ്മദ് കോയ |
| 5 | | സി.നം.2425 വേണുഗോപാലൻ |
| 6 | | സി.നം.5527 മൂസ |
| 7 | | സി.നം.8727 കറുപ്പയ്യൻ |
| 8 | G.O.(MS) No.77/2019/HOME Dated: 20.06.2019 | സി.നം.380 ഉമ്മർ കോയ. |
| 9 | | സി.നം.959 ബാബു @ ബഷീർ |
| 10 | | സി.നം.1494 ഗംഗാധരൻ |
| 11 | | സി.നം.2153 കണ്ണൻ |
| 12 | | സി.നം.2303 അശോകൻ |
| 13 | | സി.നം.9361 ദാസൻ @ ദാസപ്പൻ |
| 14 | | സി.നം.9379 മുഹമ്മദലി @ അലി |
| 15 | | സി.നം.9583 ഷണ്മുഖൻ |
| 16 | | സി.നം. 1764 പറമ്പാടൻ മുഹമ്മദ് |
| 17 | | സി.നം. 516/16 പൗലോസ് |
| 18 | | സി.നം. 37 കുട്ടപ്പൻ |
| 19 | | സി.നം. 2017 സാംകുട്ടി |
| 20 | | സി.നം. 109/15 രാധാകൃഷ്ണൻ |
| **സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ** | | |
| 1 | G.O.(MS) No.264/2016/HOME Dated: 19.10.2016 | സി.നം.7801 ബാബു S/o ഭാസ്കരൻ (റെസിപ്രോക്കൽ ട്രാൻസ്ഫർ പ്രകാരം തൃശ്ശൂർ സെൻട്രൽ ജയിലിലേയ്ക്ക് മാറ്റിയതിനാൽ ടിയാൻ അവിടെ നിന്നും മോചിതനായി) |
| 2 | | സി.നം.203 മൂസ S/o ബീരാൻ |
| 3 | G.O.(MS) No.160/2019/HOME Dated: 18.10.2019 | സി.നം.183 സോമൻ S/o ദാസയ്യൻ |
| **സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം** | | |
| 1 | G.O.(MS) No.306/2016/Home Dated: 05.12.2016 | സി.നം. 79 കരുണമോൻ |
| 2 | | സി.നം. 2206 ബാഹുലേയൻ |
| 3 | | സി.നം. 3344 അമീർ |
| 4 | | സി.നം. 4132 നൗഷാദ് |
| 5 | | സി.നം. 5050 രാജൻ |
| 6 | | സി.നം. 6102 കാശിനാഥ് |
| 7 | | സി.നം. 6819 തുളസി |
| 8 | | സി.നം. 7518 മോഹനൻ |
| 9 | | സി.നം. 8347 ചാപ്പി ദാമോധരൻ |
| 10 | | സി.നം. 8994 സാലിമോസസ് |
| 11 | | സി.നം. 9196 സുകുമാരൻ |
| 12 | | സി.നം. 9458 സന്തോഷ് |
| 13 | | സി.നം. 3861 കങ്കൻ |
| 14 | G.O.(MS) No.76/2019/HOME Dated: 20.06.2019 | സി.നം.7391 ഗ്രേഷ്യസ് S/o കര്യൻ |
| 15 | | സി.നം.8724 ശശിധരൻ ആശാരി @ വെള്ളി ശശി S/o സുകുമാരൻ ആശാരി |

| | | |
|---|---|---|
| **വുമൺ ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം** | | |
| 1 | G.O.(MS) No.5/2017/Home(B)<br>Dated: 10.01.2017 | എഫ്.സി.നം.4 അന്നമ്മ @ചിന്നമ്മ W/o ജോസഫ് |
| 2 | | എഫ്.സി.നം.5 ലക്ഷ്മി W/o ദിലീപ് |
| 3 | | എഫ്.സി.നം.9 ഓമന D/o മാത്യു |
| **വുമൺ പ്രിസൺ & കറക്ഷണൽ ഹോം, കണ്ണൂർ** | | |
| 1 | G.O.(MS) No.307/16/HOME<br>Dated: 05.12.2016 | എഫ്.സി.നം.5 ശ്രീജ D/o രാധാകൃഷ്ണൻ |
| **വുമൺ പ്രിസൺ & കറക്ഷണൽ ഹോം, തൃശ്ശൂർ** | | |
| 1 | G.O.(MS) No.207/16/HOME<br>Dated: 26.07.2016 | എഫ്.സി.നം.57 ഐഷ |
| **ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, ചീമേനി** | | |
| 1 | G.O.(MS) No.241/16/HOME<br>Dated: 19.09.2016 | സി.നം.77 രവി |
| 2 | G.O.(MS) No.126/2019/HOME<br>Dated: 20.08.2019 | സി.നം. 70 രവീന്ദ്രൻ S/o കണ്ണൻ |
| 3 | | സി.നം. 255 ശ്രീധരൻ S/o രാമൻ |
| 4 | | സി.നം. 447 സ്കറിയ S/o തോമസ് |
| 5 | | സി.നം. 480 അലി S/o മുഹമ്മദ് |
| 6 | | സി.നം. 542 രവീന്ദ്രൻ S/o വേലായുധൻ |
| 7 | | സി.നം. 603 തങ്കച്ചൻ @ മത്തായി S/o ദേവസ്യ |
| 8 | | സി.നം. 607 അരീകാടൻ സെയ്ദലി S/o ഖാദർ |
| **ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി** | | |
| 1 | G.O.(MS) No.308/16/HOME<br>Dated: 05.12.2016 | സി.നം.3100 രമേശൻ @ അമ്മാച്ചൻ |
| 2 | | സി.നം.3176 ജോബ് കുര്യൻ @ ഇയ്യോപ്പി |
| 3 | | സി.നം.3132 അബ്ദുൾ മജീദ് |
| 4 | | സി.നം.3228 ബാലകൃഷ്ണ പിള്ള |
| 5 | | സി.നം. 3112 വിജയൻ |
| 6 | G.O.(MS) No.83/19/HOME<br>Dated: 27.06.2019 | സി.നം.2310 രാമനക്കുട്ടൻ S/o കേളുക്കുട്ടി |
| 7 | | സി.നം.3297 ഉണ്ണികൃഷ്ണൻ S/o ഗോപാലകൃഷ്ണൻ |
| 8 | | സി.നം.3027 മണി S/o ജോർജ്ജ് |
| 9 | G.O.(MS) No.92/2019/HOME<br>Dated: 27.06.2019 | സി.നം. 2296 രാജേഷ് S/o രാജപ്പൻ |
| 10 | | സി.നം. 2441 ഗോപി @ ഗൌഡ ഗോപി S/o കുട്ടി |
| **ആകെ** | | **61 പേർ** |

(ഒപ്പ്)
സെക്ഷൻ ഓഫീസർ